## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.496** **23/07/2015-ൽ മറുപടിക്ക്**

## പുതിയ ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>,,കെ. സുരേഷ് കുറുപ്പ്<br>,,കെ.കെ. ജയചന്ദ്രൻ<br>,,കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര മെഗാവാട്ടിന്റെ വൈദ്യുതി നിലയങ്ങൾ കമ്മീഷൻ ചെയ്തിട്ടുണ്ട്; | (എ) 34.41 മെഗാവാട്ടിന്റെ 10 ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ ശബരിഗിരി പദ്ധതിയിൽ കത്തി നശിച്ച യൂണിറ്റ് പുനരുദ്ധരിച്ചതു വഴി 5 മെഗാവാട്ടിന്റെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. (ആകെ 39.41 മെഗാവാട്ട്).<br>ഇതു കൂടാതെ ഉപഭോക്താക്കൾ സ്ഥാപിച്ച വിതരണ പ്രസരണ ലൈനുകളുമായി കണക്ട് ചെയ്ത സോളാർ പ്ലാന്റുകൾ വഴി 1.304 MW കൂടി ചേർത്തിട്ടുണ്ട്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര പുതിയ ജലവൈദ്യുത പദ്ധതികളുടെ പണി തുടങ്ങിയിട്ടുണ്ട് ; | (ബി) ചിമ്മിണി SHP (2.5 MW), പെരുന്തേനരുവി SHEP (6 MW), വെള്ളത്തൂവൽ SHEP (3.6 MW),ആഡ്യൻപാറ SHEP (3.5MW), ഭൂതത്താൻകെട്ട് SHEP (24MW), പൊരിങ്ങൽകുത്ത് SHEP (24MW) എന്നീ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ ആനക്കാംപോയിൽ, പാതംകയം എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പണിയും ആരംഭിച്ചിട്ടുണ്ട്. |

(. . . . 2)

| | | |
|---|---|---|
| (സി) പുതിയ ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ് ? | സി) 1. ചിമ്മിണി SHEP | 22.05.2015 ൽ കമ്മീഷൻ ചെയ്തു |
| | 2. പെരുന്തേനരുവി SHEP | 42.24 ശതമാനം പണികൾ പൂർത്തിയായി. ജൂൺ 2016 ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു. |
| | 3. വെള്ളത്തൂവൽ SHEP | 60 ശതമാനം പണികൾ പൂർത്തിയായി. ഫെബ്രുവരി 2016 ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു. |
| | 4. ആഢ്യൻപാറ SHEP | 95 ശതമാനം പണികൾ പൂർത്തിയായി. മൂന്ന് യൂണിറ്റും 08.07.2015 ൽ ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കി |
| | 5. ഭൂതത്താൻകെട്ട് SHEP | 8 ശതമാനം പണികൾ പൂർത്തിയായി. ജൂൺ 2016 ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു. |
| | 6. പൊരിങ്ങൽക്കുത്ത് SHEP | 15.4 ശതമാനം പണികൾ പൂർത്തിയായി. മാർച്ച് 2017 ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**